# കാർഷിക കർമസേനകൾ ജനുവരി മുതൽ

Deshabhimani 24.12.17

തൃശൂർ > ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ കാർഷിക കർമസേനകൾ ജനുവരിയിൽ സംസ്ഥാനത്ത് പ്രവർത്തനനിരതമാകുമെന്ന് മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. ഭക്ഷ്യ സുരക്ഷാസേന മാതൃകയിൽ കർഷകർക്കുവേണ്ട പിന്തുണ ലഭിക്കും.

ഉൽപ്പാദന വർധനയിലധിഷ്ഠിതമായ കാർഷിക വികസനത്തിന് ശാസ്ത്രീയ യന്ത്രവൽക്കരണ സംവിധാനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിപ്പിക്കും. കാർഷിക- അനുബന്ധ ജോലികൾക്ക് സാമൂഹ്യപദവി നൽകുമെന്നും മന്ത്രി പറഞ്ഞു. കേരള കാർഷിക സർവകലാശാല കാർഷിക ഗവേഷണകേന്ദ്രം ശതാബ്ദി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാർഷിക സർവകലാശാല, സംസ്ഥാന കാർഷിക എൻജിനീയറിങ് വകുപ്പ്, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, അഗ്രോ മെഷിനറി കോർപറേഷൻ എന്നീ ഏജൻസികളെ കൂട്ടിയോജിപ്പിച്ചുള്ള ഏകോപന സംവിധാനം ഉടൻ നിലവിൽ വരും. പഞ്ചായത്തുതല കാർഷിക കർമസേനയുടെയും ബ്ലോക്ക് തല അഗ്രോ സെന്റർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കും. ഇതിന് കാർഷിക എൻജിനീയർമാർ ഉൾപ്പെടുന്ന ഉന്നതതല സമിതി രൂപീകരിച്ചു.

മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം ഇതിന്റെ ആസ്ഥാനമാക്കും. ഡോ. യു ജയകുമാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചതായും മന്ത്രി പറഞ്ഞു.